## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 178 — 22.3.2012-ൽ മറുപടിക്ക്.

## കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ ഷെയർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ. മുരളീധരൻ:<br>ശ്രീ.കെ.അച്ചുതൻ:<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ.ജോസഫ് വാഴക്കൻ: | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയിൽ പൊതുജനങ്ങൾക്ക് ഷെയർ നൽകുവാൻ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ മിനിമം ഷെയർ എത്രയാണ്; | (എ) | ഉണ്ട്. കമ്പനിയിൽ മിനിമം 500 ഷെയറുകളാണ് എടുക്കേണ്ടത്. |
| (ബി) | മുൻസർക്കാർ വിമാനത്താവള കമ്പനിയുടെ ഷെയർ പൊതുജനങ്ങൾക്ക് നൽകുവാൻ നിശ്ചയിച്ചിരുന്നുവോ; എങ്കിൽ കുറഞ്ഞ തുക എത്രയായിരുന്നു; | (ബി) | നിശ്ചയിച്ചിരുന്നു. മുടക്കേണ്ട കുറഞ്ഞ തുക രണ്ട് ലക്ഷത്തിഒരുന്നൂറ് (2,00,100/-) രൂപയായാണ് മുൻ സർക്കാർ നിശ്ചയിച്ചിരുന്നത്. |
| (സി) | വിമാനത്താവള ഓഹരിയുടെ വില്പന ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് ആരംഭിക്കും; | (സി) | ഇല്ല. സർക്കാരിന് നൽകുവാനുള്ള 26% ഓഹരികളുടെ അലോട്ട്മെന്റ് പൂർത്തിയായതിനുശേഷം മാത്രമേ മറ്റുള്ളവർക്കുള്ള ഓഹരി വിതരണം ആരംഭിക്കുകയുള്ളൂ. |
| (ഡി) | ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങൾ പ്രസ്തുത വിമാനത്താവള നിർമ്മാണത്തിൽ പണം മുടക്കുവാൻ സന്നദ്ധത അറിയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ഡി) | ഉണ്ട്. കണ്ണൂർ വിമാനത്താവള കമ്പനിയുടെ ഓഹരി മൂലധനത്തിൽ പണം മുടക്കാൻ സന്നദ്ധത അറിയിച്ചിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്.<br>1. കേരള ക്ലേസ് ആന്റ് സിറാമിക്ക് പ്രോഡക്റ്റ്സ് ലിമിറ്റഡ്. |

| | | | |
|---|---|---|---|
| | | | 2. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്.<br>3. മലബാർ സിമന്റ്സ് ലിമിറ്റഡ്.<br>4. എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യ.<br>5. ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്.<br>6. ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്.<br>7. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ്. |
| (ഇ) | കണ്ണൂർ വിമാനത്താവള നിർമ്മാണത്തിൽ സംസ്ഥാന സർക്കാരിന്റെ മുതൽമുടക്ക് എത്രയാണെന്ന് വെളിപ്പെടുത്തുമോ? | (ഇ) | കണ്ണൂർ വിമാനത്താവള കമ്പനിയുടെ ഓഹരി മൂലധനത്തിൽ സർക്കാരിന്റെ മുതൽ മുടക്ക് 26% ഓഹരിക്ക് തുല്യമായ 130 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ